**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4476** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഉഡുപ്പി- കാസർഗോഡ് 400 കെ. വി. വൈദ്യുതി ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉഡുപ്പി- കാസർഗോഡ് 400 കെ. വി. വൈദ്യുത ലൈനിന്റെ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | പൂർത്തീകരിച്ചിട്ടില്ല |
| (ബി) | ഇല്ലെങ്കിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും കാലതാമസത്തിനുള്ള കരണമെന്താണെന്നും അറിയിക്കാമോ; | (ബി) | ഉഡുപ്പി കാസർഗോഡ് 400 കെ വി വൈദ്യുതി ലൈൻ വലിക്കുന്ന പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ഭാഗമായ ആർഇസി ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടിബിസിബി (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി–കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് നിർദ്ദിഷ്ട 400കെ.വി. ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെവി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്.<br><br>നിർദ്ദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈൻ കർണ്ണാടകയിലെ ഉഡുപ്പി ദക്ഷിണ കന്നട ജില്ലകളിലൂടെയും (കർണ്ണാടകയ്ക്കുള്ളിൽ 68കി.മീ.) കേരളത്തിലെ കാസറഗോഡ് ജില്ലയിലൂടെയും (കേരളത്തിനുള്ളിൽ 47 കി.മീ) കടന്നു പോകുന്നു. കേരളത്തിനുള്ളിൽ സ്ഥാപിക്കേണ്ട മൊത്തം 101 ടവറുകളിൽ 93 ടവറുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 79 ടവറുകളുടെയും, 0.840 കി.മീ ലൈനിന്റെയും നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി എട്ട് (കേരളത്തിൽ) ടവറുകളുടെ ഫൗണ്ടേഷൻ പ്രവൃത്തി വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ പൂർത്തീകരിക്കുമെന്നാണ് UKTL കമ്പനിയിൽ നിന്നും ലഭിച്ച വിവരം എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്.<br><br>കൂടാതെ ബാക്കിയുള്ള ടവർ സ്ഥാപിക്കുന്നതും ലൈൻ വലിക്കുന്നതുമായ (കേരളത്തിൽ) പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാനുണ്ട്. ഇതിനായി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകേണ്ട ബാധ്യത പ്രവൃത്തി ഏറ്റെടുത്ത UKTL കമ്പനിയിൽ നിക്ഷിപ്തമാണ്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഭൂവുടമകൾ ഉയർന്ന നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള പാക്കേജ് ആവശ്യപ്പെട്ടു. ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ ബഹു.മന്ത്രി തലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ചു ചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചു വരികയാണ്.<br><br>നഷ്ടരിഹാരം നൽകുന്നത് സംബന്ധിച്ച കർണ്ണാടകത്തിലെ ഭൂവുടമകളുടെ എതിർപ്പും, കർണ്ണാടക ഹൈക്കോടതിയിലെ തീർപ്പു കൽപ്പിക്കാത്ത വ്യവഹാരങ്ങളും കാരണം കർണ്ണാടക ഭാഗത്ത് വളരെ മന്ദഗതിയിലാണ് 400 kV ലൈൻ വലിക്കുന്ന പ്രവൃത്തി നടക്കുന്നതെന്നാണ് UKTL കമ്പനിയിൽ നിന്ന് അറിയാൻ കഴിഞ്ഞതെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (സി) | യു കെ റ്റി എൽ കമ്പനിയിൽ നിന്ന് കെ എസ് ഇ ബി എല്ലിന് ലഭ്യമായ വിവരങ്ങൾ പ്രകാരം 400 കെ വി ഉഡുപ്പി കാസർഗോഡ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ് .<br><br>ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം - 115 കി.മീ.<br>(കേരളം - 47 കി മീ, കർണ്ണാടക - 68 കി.മീ.)<br><br>ആകെ ടവറുകളുടെ എണ്ണം - 278 എണ്ണം<br>(കേരളം - 101, കർണ്ണാടക - 177)<br><br>ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് - 117 എണ്ണം<br>(കേരളം - 93, കർണ്ണാടക 24)<br><br>ടവർ നിർമ്മാണം പൂർത്തിയായത് - 80 എണ്ണം<br>(കേരളം - 79 കർണ്ണാടക - 1)<br>ലൈൻ നിർമ്മാണം പൂർത്തിയായത് - 0.840 കി.മീ.<br><br>കരിന്തളത്ത് 400 kV സബ്സ്റ്റേഷൻ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ലൈൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ